# Athmaraksha.org

പാപ്പ ലോകത്തിനു നൽകുന്ന സന്ദേശം

## തെരുവുകുഞ്ഞുങ്ങളെയും ലൈംഗിക തൊഴിലാളികളെയും സൃഷ്ടിക്കുന്നത് നമ്മൾ തന്നെയെന്ന് പാപ്പാ



ആധുനികലോകത്തിന്റെ നിസ്സംഗതയാർന്ന മനോഭാവത്തിന്റെ പരിണിതഫലങ്ങളാണ് തെരുവുകുഞ്ഞുങ്ങളും ചൂഷണം ചെയ്യപ്പെടുന്ന ലൈംഗികതൊഴിലാളികളുമെന്ന് ഫ്രാൻ സിസ് പാപ്പാ.
'ഈ ദുഃഖകരമായ യാഥാർത്ഥ്യങ്ങൾ... നമ്മുടെ നിസ്സംഗതയുടെ സൃഷ്ടികളാണ്. ദാരിദ്ര്യത്തിന്റെയും, കുടുംബങ്ങളിൽ നടക്കുന്ന അക്രമങ്ങളുടെയും, മനുഷ്യക്കടത്തിന്റെയും സൃഷ്ടികൾ' പാപ്പാ വിലപിച്ചു.
'വിവാഹമോചനങ്ങളുടെയും വിവാഹത്തിനു പുറത്തുള്ള ബന്ധങ്ങളുടെയും ഫലമായി തെരുവുകളിൽ അലയാൻ അവർ വിധിക്കപ്പെടുന്നു.' പാപ്പാ പറഞ്ഞു. തെരുവിലെ കുഞ്ഞുങ്ങളും സ്ത്രീകളും വാണിജ്യച്ചരക്കല്ല; ദൈവം നൽകിയ വ്യക്തിത്വങ്ങളോടെയുള്ള മനുഷ്യരാണെന്നും പാപ്പാ കൂട്ടിച്ചേർത്തു.
തെരുവുകളിലെ അജപാലനത്തെകുറിച്ച് റോമിൽനടക്കുന്ന അന്താരാഷ്ട്ര സിംപോസിയത്തിൽ സംസാരിക്കുകയായിരുന്നു പാപ്പാ.